Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

STATE POLICE MEDIA CENTRE
KERALA POLICE

No.344/PR/SPMC/PHQ/2026 Date: 07.08.2026

## പത്രക്കുറിപ്പ്

## സമൂഹത്തിന്റെ റോൾ മോഡൽ ആകാൻ പോലീസിന് കഴിയണം : അഭ്യന്തര വകുപ്പുമന്ത്രി

സ്വാതന്ത്ര്യവും സമത്വവും സമാധനവും ഉറപ്പാക്കുന്ന കാര്യത്തിൽ സമൂഹത്തിന് റോൾ മോഡലാകാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കഴിയണമെന്ന് ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. ജനാധിപത്യ മൂല്യങ്ങളും പൗരാവകാശവും സംരക്ഷിക്കുന്നതിൽ പോലീസ് സേനയ്ക്ക് വലിയ ഉത്തരവാദിത്തമുണ്ട്. ഏറ്റെടുക്കുന്ന ഏതൊരു ദൗത്യവും അച്ചടക്കത്തോടെയും കർമ്മ ധീരതയോടെയും വിജയകരമായി നടപ്പാക്കുന്നതിൽ കേരള പോലീസ് എന്നും മാതൃക കാണിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ പുതുതായി പോലീസിലേയ്ക്ക് എത്തുന്ന സേനാഗംങ്ങൾക്ക് കഴിയണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. അടൂർ ആസ്ഥാനമായുള്ള കേരള ആംഡ് പോലീസ് മൂന്നാം ബറ്റാലിയനിൽ നടന്ന പാസിംഗ് ഔട്ട് പരേഡിന്റെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു.

കേരള ആംഡ് പോലീസ് മൂന്നാം ബറ്റാലിയനിൽ നിന്നുള്ള 205 ഉം കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയനിൽ നിന്നുള്ള126ഉം ഉൾപ്പെടെ 331 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരാണ് പാസ്സിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്. സൂരജ് എസ് നയിച്ച പരേഡിന്റെ സെക്കൻറ് ഇൻ കമാൻഡ് അഭിജിത്ത് കെ.എസ് ആയിരുന്നു.

കെ.എ.പി മൂന്നാം  ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് ഹരികൃഷ്ണൻ എസ് ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി സൂരജ് എസ് തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഷൂട്ടറായി തെരഞ്ഞെടുക്കപ്പെട്ടത് ഹരികൃഷ്ണൻ ജി. എസ് ആണ്. വിഷ്ണു വി ആണ് മികച്ച ആൾ റൗണ്ടർ.

കെ.എ.പി അഞ്ചാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് അനന്തു സുരേഷ് ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായ അഭിജിത്ത് കെ. എസ് തന്നെയാണ് മികച്ച ആൾ റൗണ്ടറും. എൽദോ പൗലോസ് ആണ് മികച്ച ഷൂട്ടർ.

ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനത്തന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന പാഠങ്ങളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, പുതിയ സേനാംഗങ്ങളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*************************







